"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ വകുപ്പിലെ സാനിട്ടറി ഇൻസ്പെക്ടർ / ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ചുമതലകൾ നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.289/2023/LSGD തീയതി,തിരുവനന്തപുരം, 01-02-2023

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 31.01.2022, 13.10.2022, 26.12.2022 എന്നീ തീയതികളിലെ PAN/10736/2020-E7(DP) നമ്പർ കത്തുകൾ.
2. 04.11.2022 ന് തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗതീരുമാനം

**ഉത്തരവ്**

പഞ്ചായത്ത് വകുപ്പിൽ ആരോഗ്യ വിഭാഗത്തിൽ നിന്നുള്ള ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാകുന്ന സാഹചര്യത്തിൽ പഞ്ചായത്ത് വകുപ്പിലെ സാനിട്ടറി ഇൻസ്പെക്ടർ / ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാർ ചെയ്യേണ്ട ചുമതലകൾ നിശ്ചയിക്കാനുള്ള പ്രൊപ്പോസൽ പരാമർശം പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. ആയത് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് എന്നിവരുമായി ചർച്ച ചെയ്ത് വിശദമായി പരിശോധിച്ചു.

ആരോഗ്യ വകുപ്പിന് കീഴിലുള്ള ഹെൽത്ത് ഇൻസ്പെക്ടർമാർ ആരോഗ്യപരിപാലനം, ശുചിത്വസംരക്ഷണം, മാലിന്യനിർമാർജ്ജനം എന്നീ ചുമതലകൾ നിർവഹിച്ചു വരുന്നു. ശുചിത്വസംരക്ഷണം, മാലിന്യനിർമാർജ്ജനം തുടങ്ങിയ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അടിസ്ഥാന ചുമതലകൾ ആണ്. അവയുടെ ശരിയായ നിർവ്വഹണം തദ്ദേശസ്വയംഭരണ വകുപ്പിന് വെല്ലുവിളി ഉയർത്തുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ആരോഗ്യവകുപ്പിൽ നിന്നുമുള്ള ഹെൽത്ത് ഇൻസ്പെക്ടർമാർ ആരോഗ്യപരിപാലനത്തിൽ ഊന്നൽ നൽകുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിലെ സാനിട്ടറി ഇൻസ്പെക്ടർ / ഹെൽത്ത് ഇൻസ്പെക്ടമാർ ശുചിത്വസംരക്ഷണം, മാലിന്യനിർമാർജ്ജനം തുടങ്ങി ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാന ചുമതലകളും , പ്ലാസ്റ്റിക് വേസ്റ്റ് മാനേജമെന്റ് റൂൾസ് 2016, സോളിഡ് വേസ്റ്റ് മാനേജെന്റ് റൂൾസ് 2016 എന്നിവ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടും, ഹെൽത്ത് ഇൻസ്പെക്ടർമാർ നിലവിൽ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ചെയ്യുന്ന ചുമതലകൾ പരിഗണിച്ചും തദ്ദേശസ്വയംഭരണ വകുപ്പിലെ സാനിട്ടറി ഇൻസ്പെക്ടർ / ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ചുവടെ പറയുന്ന ചുമതലകൾ നിശ്ചയിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 എന്നിവയുടെ തദ്ദേശസ്വയംഭരണ വകുപ്പുതല നിർവഹണ ചുമതല.

2. തദ്ദേശസ്വയംഭരണ വകുപ്പ് തലത്തിലെ മാലിന്യനിർമാർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനം, മോണിറ്ററിങ് നിർവഹണം, മാലിന്യനിർമ്മാർജനവുമായി ബന്ധപ്പെട്ട സംരംഭങ്ങളുടെ സ്ഥാപനങ്ങളുടെ ഏകോപനം, മോണിറ്ററിങ്, നടത്തിപ്പ് ചുമതല.

3. തദ്ദേശസ്വയംഭരണ സ്ഥാപന പരിധിക്കുള്ളിൽ പൊതുസ്ഥലങ്ങളിലും പൊതുജലാശയങ്ങളിലും, ജലസ്രോതസുകളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. നിയമലംഘകർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട സെക്രട്ടറിക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനും ( പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ etc) റിപ്പോർട്ട് നൽകുക. തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ നിർദേശ പ്രകാരമുള്ള തുടർനടപടി സ്വീകരിക്കുക.

4.തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ പൊതുസ്ഥലങ്ങളിലും വാണിജ്യ വ്യാപാരസ്ഥാപനങ്ങളിലും പൊതുജനങ്ങൾക്ക് പ്രവേശനം ഉള്ളതും പൊതുജനങ്ങൾ ഒത്തുചേരുന്നതുമായ ഇടങ്ങളിലും നിരന്തരസന്ദർശനം നടത്തുകയും ടി സ്ഥലങ്ങളിലെ ശുചിത്വം , മാലിന്യനിർമാർജ്ജനം തുടങ്ങിയപ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്യുക. നിയമലംഘകർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനായി സെക്രട്ടറിക്കും തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും റിപ്പോർട്ട് നൽകുക. സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ നിർദ്ദേശപ്രകാരമുള്ള തുടർനടപടി സ്വീകരിക്കുക.

5. തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ പൊതു സ്വകാര്യ മാർക്കറ്റ് , അറവുശാല തുടങ്ങിയ സ്ഥലങ്ങളിൽ സന്ദർശനം നടത്തുക, ടി സ്ഥലങ്ങളിലെ ശുചിത്വ -മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നിരീക്ഷിക്കുക .നിയമലംഘകർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനായി സെക്രട്ടറിക്കും തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും റിപ്പോർട്ട് നൽകുക. സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ നിർദ്ദേശ പ്രകാരമുള്ള തുടർനടപടി സ്വീകരിക്കുക.

6. തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ച് മാലിന്യനിർമ്മാർജ്ജന സാനിട്ടേഷൻ പ്രവർത്തനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകുക. ടി സ്ഥലങ്ങളിൽ ശുചിത്വ- മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു ആവശ്യമായ ഇടപെടൽ നടത്തുക. നിയമലംഘനത്തിൻമേൽ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനായി സെക്രട്ടറിക്കും തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും റിപ്പോർട്ട് നൽകുക. സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ നിർദ്ദേശപ്രകാരമുള്ള തുടർനടപടി സ്വീകരിക്കുക.

7. തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ ഉത്സവം, വിവിധ ആഘോഷങ്ങൾ എന്നിവയിൽ മാലിന്യനിർമാർജ്ജനം, ശുചിത്വസംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ ഏകോപനം, മോണിറ്ററിങ്, നിർവഹണം. ടി സ്ഥലങ്ങളിൽ മാലിന്യനിർമ്മാർജ്ജനം കൃത്യമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തുക . നിയമലംഘനത്തിൽ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനായി സെക്രട്ടറിക്കും തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും റിപ്പോർട്ട് നൽകുക. സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരമുള്ള തുടർനടപടി സ്വീകരിക്കുക.

8. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ശുചിത്വം , മാലിന്യസംസ്കരണം പദ്ധതികളുടെ അസിസ്റ്റന്റ് നോഡൽ ആഫീസറുടെ ചുമതല നിർവഹിക്കുക.

9. ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുന്നതും, വിൽപ്പന നടത്തുന്നതുമായ സ്ഥാപനങ്ങളിൽ യഥാസമയം പരിശോധന നടത്തി ഗുണമേന്മയും ശുചിത്വവും ഉറപ്പ് വരുത്തുക. .

10. എ ബി സി പ്രോഗ്രാമുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ തദ്ദേശസ്വയംഭരണ വകുപ്പുതല ഏകോപനം.

11. FTE&OS ചട്ടങ്ങൾ പ്രകാരം മൈക്രോ, സ്മാൾ, മിനി എന്റർപ്രൈസ് വിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ, മീഡിയം, ലാർജ് എന്റർപ്രൈസ് വിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറിയെ സഹായിക്കുന്നതിന്റെ ഭാഗമായി സ്ഥലപരിശോധന നടത്തി സ്ഥാപനങ്ങളിൽ നിയമാനുസൃത മാലിന്യസംസ്കരണ സംവിധാനങ്ങൾ, സാനിട്ടേഷൻ സംവിധാനങ്ങൾ എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തി സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കൽ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് റിപ്പോർട്ട് ചെയ്യുകയും, തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുക. വ്യാപാര , വ്യവസായ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ തുടർച്ചയായ നിരീക്ഷണം നടത്തുക.

12. ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച വിഷയങ്ങളിൽ സെക്രട്ടറിയെ സഹായിക്കുന്നതിന്റെ ഭാഗമായി അന്വേഷണം നടത്തി റിപ്പോർട്ട് നൽകുക.

13. കോവിഡ്/നിപ മഹാമാരി പോലുള്ള അടിയന്തിര സാഹചര്യങ്ങളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുക.

14. ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ദുരിതാശ്വാസ ക്യാമ്പുകളിലെ ശുചിത്വ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഏകോപന മേൽനോട്ട നിർവഹണ ചുമതല.

15. തദ്ദേശസ്വയംഭരണ വകുപ്പ് പ്രദേശത്തെ പൊതുശൗചാലയങ്ങളുടെ (ഏതു പേരിൽ അറിയപ്പെടുന്നവയുടെയും) പ്രവർത്തനം മോണിറ്റർ ചെയ്യുക. പ്രസ്തുത സ്ഥാപനങ്ങളിലെ ശുചിത്വവും മാലിന്യസംസ്കരണവും ഉറപ്പുവരുത്തുക.

16. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെയും സ്ഥലങ്ങളിലെയും തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ പൊതുസ്ഥലങ്ങളിലെയും ശുചീകരണപ്രവർത്തനങ്ങളുടെയും മാലിന്യം നീക്കം ചെയ്യൽ പ്രവർത്തനങ്ങളുടെ നിർവ്വഹണം.

17. മഴക്കാലപൂർവ ശുചീകരണപ്രവർത്തനങ്ങളുടെ തദ്ദേശ സ്വയം ഭരണ സ്ഥാപനതല ഏകോപനവും മേൽനോട്ടവും നിർവഹണവും.

18. ശ്മശാനങ്ങളുടെ പ്രവർത്തനം, അനാഥ ശവങ്ങൾ മറവു ചെയ്യൽ, മൃഗാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ എന്നീ പ്രവർത്തനങ്ങളിൽ നിർദ്ദേശാനുസരണം ചുമതല നിർവ്വഹിക്കൽ .

19. മേൽ പറഞ്ഞവ കൂടാതെ ശുചിത്വം , മാലിന്യസംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി നിർദേശിക്കുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കൽ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്(റൂറൽ)

ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്(അർബൻ)

കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് , സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

ഡയറക്ടർ ജനറൽ കില, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/23/2022-LSGD) / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Danuja M S
സെക്ഷൻ ഓഫീസർ
Date: 01-02-2023 17:31:05